# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *305 — 14/03/2018-ൽ മറുപടിക്ക്

## ശസ്ത്രക്രിയകളിൽ ഉപയോഗിക്കുന്ന സ്റ്റെന്റിന്റെ വില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, അടൂർ പ്രകാശ്<br>,, വി.ടി.ബൽറാം | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) ഹൃദയധമനികളിലുണ്ടാകുന്ന തടസ്സം നീക്കം ചെയ്യുന്ന ശസ്ത്രക്രിയകളിൽ ഉപയോഗിക്കുന്ന സ്റ്റെന്റിന്റെയും മെഡിക്കേറ്റഡ് സ്റ്റെന്റിന്റെയും വില നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വളരെയധികം കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്നിട്ടും സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലും പ്രസ്തുത നിരക്കിലുണ്ടായിട്ടുള്ള കുറവ് രോഗികൾക്ക് നൽകാതെ അനുബന്ധ ശസ്ത്രക്രിയ സാമഗ്രികളുടെ ചാർജ്ജ് വർദ്ധിപ്പിച്ച് രോഗികളെ ചൂഷണം ചെയ്യുന്നതായ പരാതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | ബി) 12/02/2018-ൽ നിലവിൽ വന്ന വില നിയന്ത്രണത്തിനു മുമ്പ് ഇതുമായി ബന്ധപ്പെട്ട ചില പരാതികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. |
| സി) രോഗികളിൽ നിന്നും ഇപ്രകാരം അമിതഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | സി) ചികിത്സയ്ക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി സ്റ്റെന്റിന്റെ വിലക്കുറവ് മൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ ആശുപത്രികളിലെ സമീപകാലത്തെ ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ നിരക്കുകൾ പരിശോധിക്കുവാൻ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/ നഴ്സിംഗ് ഹോമുകൾ/ ക്ലിനിക്കുകൾ എന്നിവർ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ ഇമ്പോർട്ടറുടെ പേര് |

→

എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി എടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തരനടപടികൾക്കായി ദേശീയ ഔഷധ വിലനിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ**